# പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1728 — 17.06.2013 ന് മറുപടിയ്ക്ക്.

## ആതിരപ്പള്ളി ടൂറിസം മേഖലയിലെ പ്രവേശന ഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ആതിരപ്പള്ളി ടൂറിസം മേഖലയിൽ പ്രവേശന ഫീസ്, പാർക്കിംഗ് ഫീസ് തുടങ്ങിയ ഇനത്തിൽ വി.എസ്.എസ്സിന് ലഭിക്കുന്ന തുകയുടെ നിശ്ചിത ശതമാനം ആതിരപ്പള്ളി–വാഴച്ചാൽ–തുമ്പൂർമുഴി ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന് (ഡി.എം.സി) നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) അതിരപ്പിള്ളി ഇക്കോടൂറിസം മേഖലയിൽ എത്തുന്ന ടൂറിസ്റ്റുകളിൽ നിന്ന് പ്രവേശനഫീസായും, പാർക്കിംഗ് ഫീസായും, സർവ്വീസ് ചാർജ്ജായും പിരിച്ചെടുക്കുന്ന സംഖ്യയിൽ സർക്കാർ ഖജനാവിലേക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക ഒടുക്കുകയും സർവ്വീസ് ചാർജ്ജായി ശേഖരിക്കുന്ന തുക പുഴ-വന സംരക്ഷണ നിധിയിൽ ഒടുക്കുകയും ചെയ്യുന്നു. പുഴ-വന സംരക്ഷണ നിധി, വനസംരക്ഷണ പ്രവർത്തനത്തിനും, ഇക്കോ ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി വന സംരക്ഷണ സമിതികൾ/ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ വഴി വന വികസന ഏജൻസിയുടെ മേൽനോട്ടത്തിൽ പ്രയോജനപ്പെടുത്തുന്നു. അതിരപ്പിള്ളി ടൂറിസം മേഖലയിൽ എത്തുന്ന ടൂറിസ്റ്റുകളിൽ നിന്ന് പ്രവേശനഫീസായും പാർക്കിംഗ് ഫീസായും പിരിച്ചെടുക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത വിഹിതം പ്രസ്തുത മേഖലയിലെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനായി അതിരപ്പിള്ളി-വാഴച്ചാൽ-തുമ്പൂർമുഴി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിനു നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) പ്രസ്തുത മേഖലയിൽ നിന്നു ലഭിയ്ക്കുന്ന പണം, അടിസ്ഥാന ടൂറിസം വികസനത്തിനായും, വി.എസ്.എസ്സിന്റെ വിവിധ ആവശ്യങ്ങൾക്കായും വിനിയോഗിക്കുന്നതിനുപകരം കെ.എഫ്.ഡി.സി യ്ക്കു കൈമാറുന്നതിനായി നീക്കം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനും, മുഴുവൻ പണവും | (ബി) കേരളത്തിലെ ഇക്കോ ടൂറിസം പദ്ധതി പ്രദേശങ്ങളിൽ എത്തുന്ന സന്ദർശകരാൽ പ്രസ്തുത പ്രദേശത്ത് ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനും, സന്ദർശകർ പ്രസ്തുത പ്രദേശത്ത് നിക്ഷേപിക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിനും, വനമുൾപ്പെടെയുള്ള പദ്ധതി പ്രദേശത്തിന്റെ സംരക്ഷണത്തിനും, പരിപാലനത്തിനും, ജനങ്ങളിൽ വനത്തേയും, വനസംരക്ഷണത്തേയും പറ്റി |

വി.എസ്.എസ്സ്. ടൂറിസം വികസനം എന്നിവയ്ക്കായി ചെലവഴിയ്ക്കുന്ന തിന് നടപടി സ്വീകരിക്കുമോ?

അവബോധം സൃഷ്ടിക്കുന്നതിനുമായാണ് സന്ദർശകരിൽ നിന്നും "Polluter shall pay" എന്ന തത്വമനുസരിച്ച് ഒരു ചെറിയ തുക സന്ദർശന ഫീസായും, വാഹന പാർക്കിംഗ് ഫീസായും ശേഖരിക്കുന്നത്. ഈ തുക വന സംരക്ഷണ സമിതികൾ/ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ നിയന്ത്രണമുള്ള വന വികസന ഏജൻസിയുടെ പേരിൽ "പുഴ-വന സംരക്ഷണ നിധി" (RFPF) സ്വരൂപിച്ച്, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി വന സംരക്ഷണ സമിതികൾ/ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ വഴി വിനിയോഗിക്കുന്നു. മേൽ പരാമർശിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് പുഴ-വന സംരക്ഷണ നിധി, ഇക്കോട്ടൂറിസം പദ്ധതി പ്രദേശത്തിന്റെ പരിപാലനത്തിനും, പൊതുവായ പുഴ-വന സംരക്ഷണത്തിനും, തദ്ദേശീയരായ വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധനവിനും ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ പങ്കാളിത്ത വന പരിപാലന തത്വമനുസരിച്ച് തദ്ദേശീയരായ വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധനവും, പദ്ധതി പ്രദേശത്തിന്റെ സംരക്ഷണവും, വനമേഖലയെ പ്ലാസ്റ്റിക് മുക്തമാക്കാനും ലക്ഷ്യമിട്ട് വനം വകുപ്പിന്റെ പങ്കാളിത്തത്തോടെ പത്തനാപുരം താലൂക്കിലെ പുന്നല എന്ന സ്ഥലത്ത് കെ.എഫ്.ഡി.സി. നടപ്പാക്കുന്ന 'ശബരീജലം' പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ടിന്റെ അപര്യാപ്തത കെ.എഫ്.ഡി.സി. അറിയിക്കുകയും പുഴ-വന സംരക്ഷണ നിധിയിൽ നിന്നും പ്രസ്തുത തുക അനുവദിക്കണമെന്നും അപേക്ഷിച്ച സാഹചര്യത്തിൽ വാഴച്ചാൽ വന വികസന ഏജൻസിയുടെ പുഴ-വന സംരക്ഷണ നിധിയിൽ നിന്നും 50 ലക്ഷം രൂപ വ്യവസ്ഥകൾക്കു വിധേയമായി അനുവദിയ്ക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.